
# കൊറോണ കാലത്തെ പാചകം

**ഭാരതീയ ശാസ്ത്രജ്ഞരുടെ കോവിഡ്-19 പ്രതിരോധം**
**ഒരു സന്നദ്ധ സംഘം**

IndiSciCovid


https://indscicov.in/




Indian Scientists' Response to COVID-19

മയം വൈകുന്നേരമായതോടെ എനിക്ക് ചെറുതായി വിശക്കാൻ തുടങ്ങി. ഞാൻ അച്ഛനോട് പറഞ്ഞു, “അച്ഛാ, ഇന്ന് അച്ഛന്റെ ആ സ്പെഷ്യൽ ചിക്കൻ കറി ഉണ്ടാക്കാമോ? നല്ല എരിവ് കൂട്ടി വെച്ചോളൂ!” അമ്മ ഉടനെ അതേറ്റു പിടിച്ചു. “എനിക്ക് നല്ല ക്ഷീണമുണ്ട്. ഇന്ന് പാചകം നിങ്ങൾ ഏറ്റടുത്തോളു".

“ശരി”, അച്ഛൻ സമ്മതിച്ചു, എന്നിട്ടു വാഷ് ബേസിനടുത്തേക്ക് പോയി സോപ്പ് തേച്ചു കൈ കഴുകാൻ തുടങ്ങി. ഞാൻ ഇരുപതു വരെ എണ്ണിത്തുടങ്ങി. അമ്മയും എന്റെ കൂടെ ചേർന്നു. ഇരുപതു സെക്കന്റോളം കൈ കഴുകണം എന്നാണല്ലോ. റേഡിയോയുടെ അടുത്ത്, തറയിലിരുന്നു പച്ചക്കറി അരിയാനാണ് അച്ഛനിഷ്ടം. രാവിലെ രമേശ് അമ്മാവൻ കുറച്ചു പുസ്തകങ്ങൾ തരാൻ വന്നപ്പോൾ തറയിൽ അതെ സ്ഥലത്താണ് ഇരുന്നത്. അമ്മാവൻ പോയ ഉടനെ അച്ഛൻ സോപ്പും സ്പോഞ്ചും ഉപയോഗിച്ച് തറ വൃത്തിയായി തുടച്ചിരുന്നു. അച്ഛൻ നിലത്തിരുന്ന് ചിക്കനും പച്ച മുളകും അരിയാൻ തുടങ്ങി. “കുറച്ചു കൂടി മുളകിട്ടോളൂ”, ഞാൻ വിളിച്ചു പറഞ്ഞു.





“നീ ഉള്ളി  അരിയുമോ?” അച്ഛൻ ചോദിച്ചു.
“അയ്യോ... വേണ്ട! കണ്ണിൽ നിന്ന് വല്ലാതെ വെള്ളം വരും” ഞാൻ പറഞ്ഞു. അച്ഛൻ മൂന്ന് ഉള്ളിയെടുത്തു കഴുകി തൊലി കളഞ്ഞു വച്ചു. അപ്പോഴേക്കും അയൽവക്കത്തെ സരള ചേച്ചി എത്തി. അവർ മുൻവശത്തെ വാതിലിനു പുറത്തു നിന്ന് അമ്മയോട് സംസാരിക്കുകയാണ്.
“എന്റെ പെങ്ങൾ ചെയ്യതെന്താണെന്നു അറിയാമോ? പച്ചക്കറികളിൽ വൈറസ് ഉണ്ടാവുമോ എന്ന് പേടിച്ചു അവൾ ഉള്ളിയും തക്കാളിയും സോപ്പിട്ടു കഴുകി. അവിടെല്ലാരും സോപ്പു ചുവയുള്ള ഭക്ഷണം കഴിക്കേണ്ടി വന്നു!” ഇത് കേട്ട് ഞാൻ ചിരിച്ചു പോയി; നല്ല തമാശ തന്നെ!

“ഭക്ഷണ പദാർത്ഥങ്ങളിൽ വൈറസ് വളരില്ല എന്നറിയില്ലേ? പാചകം ചെയ്യുമ്പോൾ ആണെങ്കിൽ അവ നശിക്കുകയും ചെയ്യും.  ബാക്ടീരിയ പോലെയല്ല”, അമ്മ വിശദീകരിച്ചു. തീർച്ചയായും, അതെനിക്ക് അറിയാമായിരുന്നു. “പക്ഷെ ഈ പച്ചക്കറികൾ ഒക്കെ  കടകളിൽ വച്ച് പലരും തൊട്ടിട്ടുണ്ടാവില്ലേ ?” ഞാൻ ചോദിച്ചു.

“അത് ശരിയാ”, അമ്മ ചിരിച്ചു കൊണ്ട് പറഞ്ഞു. “അത് കൊണ്ടാണ് ഞാൻ നിന്റെ ചേട്ടൻ വാങ്ങി കൊണ്ടുവന്നയുടനെ പച്ചക്കറികളെല്ലാം കഴുകി വൃത്തിയാക്കിയത്.”  ... “ എന്റെ കൈകൾ സോപ്പിട്ടു 20 സെക്കന്റോളം കഴുകുകയും ചെയ്തു.”, ഞങ്ങൾ ഒരുമിച്ചു ആവർത്തിച്ചു.



സരള ചേച്ചി അച്ഛനെ അപ്പോഴാണ് ശ്രദ്ധിച്ചത്. "ഓഹോ! ഇന്നു നിങ്ങളുടെ സ്പെഷ്യൽ ചിക്കൻ കറി ആണല്ലോ? പക്ഷേ ഈ വൈറസ് മൃഗങ്ങളിൽ നിന്നാണ് വന്നതെന്ന് ഞാൻ വാട്സാപ്പിൽ വായിച്ചിരുന്നല്ലോ . ഈ സമയത്തു മാംസാഹാരം കഴിക്കാമോ?" അവർ ചോദിച്ചു.
"ഒരു കുഴപ്പവുമില്ല", അച്ഛൻ ഉറപ്പിച്ചു പറഞ്ഞു. "ഈ വൈറസ് മനുഷ്യരിലൂടെ മാത്രമേ പകരു. മാംസാഹാരം കഴിക്കുന്നതിൽ ഒരു കുഴപ്പവുമില്ല. ഡോക്ടർമാരും ഈ കാര്യം വളരെ വ്യക്തമാക്കിയിട്ടുണ്ട് ."
"ഭാഗ്യം, ചിക്കൻ കറി കഴിക്കാമല്ലോ!", ഞാൻ മനസ്സിലോർത്തു. തന്റെ മകൾ വിളിച്ചത് കൊണ്ട് സരള ചേച്ചി അവരുടെ വീട്ടിലേയ്ക്കു തിരിച്ചു പോയി.


അപ്പോഴേയ്ക്കും ശേഖർ, എന്റെ ചേട്ടൻ, കടയിൽ നിന്നും തിരിച്ചെത്തി. അമ്മ അവനെ അരിയും പരിപ്പും വാങ്ങാൻ പറഞ്ഞയച്ചതായിരുന്നു, കൂടെ എനിക്കുള്ള ബിസ്കറ്റും. ചേട്ടൻ വീടിന്റെ മുൻവാതിലിനു മുൻപിൽ എന്ത് ചെയ്യണമെന്ന് തീർച്ചയില്ലാതെ നിന്നു.
"എന്താ ഇത്ര ആശയകുഴപ്പം?", അമ്മ ചിരിച്ചു കൊണ്ട് പറഞ്ഞു. "ഒരു സെക്കന്റ് അവിടെ തന്നെ നിൽക്കൂ. ഞാൻ ഇപ്പൊ വരാം."
അമ്മ അടുക്കളയിൽ പോയി അറിയും പരിപ്പും ഇട്ടു വെക്കാറുള്ള വലിയ ഡബ്ബകൾ കൊണ്ട് വന്നു, കൂടെ വേറൊരു ടിന്നും. അത് തുറന്നു ശേഖറിനോട് പറഞ്ഞു,
"അരിയും പരിപ്പും അവയുടെ പ്ലാസ്റ്റിക് പാക്കറ്റ് തുറന്ന്, ഡബ്ബകളിൽ തൊടാതെ അതിലേക്കു ഇട്ടോളു. നിലത്തു വീഴാതെ നോക്കണം!"
അമ്മയുടെ നിർദ്ദേശം അതു പോലെ ശ്രദ്ധയോടെ ചേട്ടൻ ചെയ്യുന്നത് ഞാൻ ഒരു കള്ള ചിരിയോടെ നോക്കി നിന്നു . ശേഖർ ബിസ്കറ്റ് പാക്ക് തുറന്നു എവിടെയും തൊടാതെ ടിന്നിലേയ്ക്ക് മാറ്റി. "യെസ്" , എല്ലാം ചെയ്തു കഴിഞ്ഞു അവൻ കൈപൊക്കി തുള്ളിച്ചാടി. ശേഖർ ചിലപ്പോൾ



അങ്ങനെയാ, കുട്ടിക്കളി മാറാതെ. ഇന്ന് രാവിലെ സരള ചേച്ചി കൊണ്ട് വന്ന ഉരുളക്കിഴങ്ങു കറി  അമ്മ വീട്ടിലെ പാത്രത്തിലേക്ക് മാറ്റിയതും ഇതേ പോലെ എവിടെയും തൊടാതെ ആയിരുന്നു എന്ന്  ഞാനോർത്തു.

"സാധനങ്ങൾ പൊതിഞ്ഞു കൊണ്ട് വന്ന ഈ പ്ലാസ്റ്റിക്കും കടലാസ്സും ഇനി എന്ത് ചെയ്യണം?" ശേഖർ അമ്മയോട് ചോദിച്ചു.
അവ റീസൈക്ലിങ് ബിന്നിൽ നിക്ഷേപിക്കാൻ  അമ്മ അവനോടു പറഞ്ഞു. ശേഖർ  ചെരുപ്പൂരി അകത്തേക്ക് വന്നു.
"ഇനി 20  സെക്കന്റ് സോപ്പിട്ടു കൈ കഴുകൂ", ഞാൻ ചേട്ടന്റെ പിറകെ പോയി പറഞ്ഞു. എന്നിട്ടു  അതവൻ ചെയ്തു എന്നുറപ്പു വരുത്തി. കൈ കഴുകിയ ശേഷം ശേഖർ വസ്ത്രം മാറാൻ  അകത്തേക്ക് പോയി.

അച്ഛൻ അപ്പോഴേയ്ക്കും അടുക്കളയിൽ പാചകം തുടങ്ങി കഴിഞ്ഞിരുന്നു. എല്ലാ പാത്രങ്ങളും സ്പൂണുകളും മാത്രമല്ല അടുപ്പും കൂടി അച്ഛൻ ഇന്ന് രാവിലെ സോപ്പ് പൊടി കൊണ്ട് കഴുകി വൃത്തിയാക്കിയിരുന്നു. അടുക്കളയിൽ നിന്നും കടുക് പൊട്ടുന്നതിന്റെ ശബ്ദവും, കറിവേപ്പില വറുക്കുന്നതിന്റെ മണവും വരാൻ തുടങ്ങി. അച്ഛൻ പാത്രത്തിൽ ചിക്കൻ കൂടി ചേർത്ത് വരട്ടാൻ തുടങ്ങി. ചിക്കൻവെന്തുകൊണ്ടിരിയ്ക്കുമ്പോൾ, സ്വീകരണ മുറിയിൽ ടീവി കണ്ടു കൊണ്ടിരിയ്ക്കുന്ന അമ്മയോട് അച്ഛൻ വിളിച്ചു ചോദിച്ചു,
"നീ കേട്ടിരുന്നോ? അടുത്ത ബിൽഡിങ്ങിലെ  ജേക്കബിന് കഴിഞ്ഞ ഒരാഴ്ച്ചയായി ചെറിയ പനിയും, ചുമയും തുടങ്ങിയിട്ട്"
"അയ്യോ, ആണോ? ആ കുടുംബം വല്ലാതെ പേടിച്ചിരിക്കുകയായിരിക്കും. നമുക്കൊന്ന് പോയി കണ്ടാലോ?" ശേഖർ ചോദിച്ചു.
"ഇപ്പഴോ?" 'അമ്മ ഉടനെ വിലക്കി . "പറ്റില്ല. അവർ ക്വാറന്റൈനിൽ ആയിരിക്കും."
"ജേക്കബിന് എല്ലാരുടെയും കൂടെ ഇരുന്നു ഭക്ഷണം കഴിക്കാൻ പറ്റുമോ, ആവോ". ഞാൻ അമ്മയോട് ചോദിച്ചു, "ആരെങ്കിലും ജേക്കബിന് ചിക്കൻ കറി ഉണ്ടാക്കി കൊടുക്കുമായിരിക്കും, അല്ലെ?"
"തീർച്ചയായും!" 'അമ്മ പറഞ്ഞു. "വളരെ ശ്രദ്ധിക്കണം എന്നേയുള്ളു. അവൻ അവന്റെ മുറിയിൽ തന്നെ കഴിയണം പിന്നെ മുറിയിലേയ്ക്ക്



ഭക്ഷണം കൊണ്ട് കൊടുക്കുന്നതിൽ കുഴപ്പമില്ല. കഴിച്ചു കഴിഞ്ഞാൽ പത്രങ്ങൾ വളരെ വൃത്തിയായി തേച്ചു കഴുകണം." ജേക്കബിനു വേഗം ഭേദമാവുമായിരിക്കും. പട്ടം പറപ്പിക്കാൻ പഠിപ്പിച്ചു തരാം എന്ന് അവൻ എന്നോട് പറഞ്ഞിട്ടുള്ളതാണ് .

"ഡിന്നർ തയ്യാർ", അച്ഛൻ അടുക്കളയിൽ നിന്നും വിളിച്ചറിയിച്ചു. എന്നിട്ട്, എല്ലാവരോടും സോപ്പിട്ടു കൈ കഴുകിയ ശേഷം പ്ലെയ്റ്റ് എടുത്ത് വരാൻ പറഞ്ഞു. ചോറും, ചിക്കൻ കറിയും അച്ഛൻ എല്ലാവരുടെയും പാത്രത്തിൽ വിളമ്പി.
"അച്ഛൻ ഇപ്പോൾ കഴിക്കുന്നില്ലേ? ", ഞാൻ ചോദിച്ചു.
"ഒരു മിനിറ്റ്", അച്ഛൻ മൂക്ക് ചൊറിഞ്ഞു കൊണ്ട് പറഞ്ഞു. "കഴിഞ്ഞ അര മണിക്കൂറായി ഒന്ന് തോന്നിയിട്ട് , പക്ഷെ പാകം ചെയ്യുമ്പോൾ ചെയ്യാൻ പാടില്ലല്ലോ" ഇപ്പോഴാണ് ഒരാശ്വാസം !"
എല്ലാവരും ഉറക്കെ ചിരിച്ചു. അച്ഛൻ കൈ കഴുകി വന്നു. എല്ലാവരും മറ്റുള്ളവരിൽ നിന്ന് കുറച്ചകലത്തിൽ ഇരുന്നു, അന്നോളം കഴിച്ചതിൽ വച്ച് ഏറ്റവും രുചികരമായ ചിക്കൻ കറി കഴിച്ചു തുടങ്ങി!

ദൈനംദിന സാഹചര്യങ്ങളെ അടിസ്ഥാനമാക്കി വിവരങ്ങളെ സന്ദർഭോചിതമായും ലളിതമായും ചിത്രീകരിച്ചിരിക്കുന്നു. ശാസ്ത്രീയ കൃത്യത ഉറപ്പു വരുത്താൻ വെബ്സൈറ്റിലെ അനുബന്ധ രേഖകൾ നോക്കുക.

